ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്
കേരള സർക്കാർ

# സക്രിയമായ 2 വർഷം സഫലമായ മുന്നേറ്റം





കുപ്പിവെള്ളത്തിന് അമിതവില

റെയിൽവേയ്ക്കെതിരേ നടപടിയുമായി ലീഗൽ മെട്രോളജി വകുപ്പ്

ഏയ് ഓട്ടോ...'ഒപ്പം' ഉണ്ടോ

'ഒപ്പം' പദ്ധതിയിലൂടെ റേഷൻ സാധനങ്ങൾ ഇനി ഓട്ടോതൊഴിലാളികൾ വീട്ടിലെത്തിക്കും

മന്ത്രി ഇടപെട്ടു; കരുണാകരന് റേഷൻ കാർഡായി

ഓക്സിജൻ സിലിണ്ടർ സ്ഥാപനങ്ങളിൽ

ലീഗൽ മെട്രോളജി ഫ്ലൈയിംഗ് സ്ക്വാഡിന്റെ പരിശോധന

പിപിഇ കിറ്റിനും പൾസ് ഓക്സിമീറ്ററിനും അമിത വില: 28 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു

തിരുവനന്തപുരം: പിപിഇ കിറ്റ്, പൾസ് ഓക്സിമീറ്റർ, ഗ്ലൗസ്, സാനിറ്റൈസർ, ഇങ്ങിനെയുള്ള അമിത വില ഈടാക്കുകയും വില രേഖപ്പെടുത്താത്ത പായ്ക്കറ്റുകൾ വിൽക്കുകയും ലീഗൽ മെട്രോളജി വകുപ്പിന്റെ ലൈസൻസില്ലാതെ ബി പി അപ്പാരറ്റസ്, ക്ലിനിക്കൽ തെർമോ മീറ്റർ തുടങ്ങിയവ വിൽക്കുകയും ചെയ്ത 28 സ്ഥാപനങ്ങൾക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് കേസെടുത്തു.

കോവിഡ് പ്രതിരോധത്തിനാവശ്യമായ 15 ഇനം സാധനങ്ങൾക്ക് അവശ്യ സാധന നിയന്ത്രണ നിയമ പ്രകാരം പരമാവധി വിൽപ്പനവില നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഉയർന്ന വില ഈടാക്കുകയായിരുന്നു. പരിശോധന നടത്തുവാനും കേസ് രജിസ്റ്റർ ചെയ്യുവാനും ലീഗൽ മെട്രോളജി വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു.

Ragi powder for 10 lakh priority cardholders

THIRUVANANTHAPURAM

The public distribution system (PDS) in the State is set for a makeover with the inclusion of finger millets (ragi) in the ration supplies provided in tribal and other select areas,

വാർത്ത കണ്ട് ഭക്ഷ്യമന്ത്രി വിളിച്ചു

പാലാ മരിയസദനന് റേഷൻ മുടങ്ങില്ല

സർക്കാർ റേഷനും മുടക്കി; മരിയസദനൻ പട്ടിണിയിലേക്ക്

KAUMUDI IMPACT

കോവിഡ് സാമഗ്രികളുടെ അമിതവില

13 കടകൾക്കെതിരെ കേസ്

ലീഗൽ മെട്രോളജി വിഭാഗം നൂറോളം കടകളിൽ പരിശോധന നടത്തി

മാസ്കിനും സാനിറ്റൈസറിനും അമിത വില

45,000 രൂപ പിഴ ഈടാക്കി

'ഒപ്പ്' മുണ്ട് ഓട്ടോ ഡ്രൈവർ; റേഷൻ വീട്ടിലെത്തും

Mathrubhumi മാതൃഭൂമി

സപ്ലൈകോ സ്റ്റോറുകളിൽ തിരക്കേറുന്നു

പൊതുവിപണിയേക്കാൾ വൻ വിലക്കുറവ്

നെല്ല് സംഭരണം

ഉടൻ പൂർത്തിയാകുമെന്ന് സപ്ലൈകോ; ജൂൺ 10ന് കൊയ്ത്ത് തീരും




# സക്രിയമായ
# 2 വർഷം
# സഫലമായ മുന്നേറ്റം

കേരള സർക്കാർ

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്



പ്രിയപ്പെട്ട സുഹൃത്തുക്കളെ,

ഈ സർക്കാർ രണ്ടു വർഷം പൂർത്തിയാകുമ്പോൾ ജനാഭിലാഷത്തിനെ ാത്ത് പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ സംതൃപ്തി തോന്നുന്നു. കെ-സ്റ്റോർ, ഒപ്പം, സഞ്ചരിക്കുന്ന റേഷൻ കട, ഓൺലൈൻ സേവനങ്ങൾ, റാഗി വിതരണം, ആധാർ സീഡിംഗ്, പുതിയ ശാസ്ത്രീയ ഭക്ഷ്യധാന്യ സംഭരണശാലകൾ, സപ്ലൈകോ ഔട്ട് ലെറ്റുകൾ, ലീഗൽ മെട്രോളജിയുടെ ഓപ്പറേഷൻ ജാഗ്രത, ക്ഷമത തുടങ്ങി നിരവധി ജനോപകാരപ്രദമായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് നടപ്പിലാക്കിയ പ്രധാന പദ്ധതികളെക്കുറിച്ചാണ് ഈ ബുക്ക്‌ലെറ്റ്. പുതിയ പദ്ധതികളും പരിപാടികളുമായി ജനോപകാരപ്രദമായി വകുപ്പു മുന്നോട്ടു പോവുകയാണ്. വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കാൻ ബുക്ക്‌ലെറ്റ് ഉപകരിക്കുമെന്നു കരുതുന്നു.

**ജി ആർ അനിൽ**
ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി





സംസ്ഥാന സർക്കാർ മൂന്നാം
വർഷത്തിലേക്ക് കടക്കുമ്പോൾ
ലോകവും രാജ്യവും കേരളവും
ദുർഘടകാലങ്ങളെ
മുറിച്ച് കടന്ന് പ്രത്യാശയുടേയും
അതിജീവനത്തിന്റെയും പാതയിലാണ്.
ഇക്കാലയളവിലെ വകുപ്പിന്റെ
പ്രവർത്തനങ്ങളുടെ പരിച്ഛേദമാണ്
ഈ താളുകളിൽ...

**പൊതുവിതരണം**

പൊതുവിതരണ
ഉപഭോക്തൃകാര്യ
കമ്മീഷണറേറ്റ്

14 ജില്ലാ
സപ്ലൈ ഓഫീസുകൾ

83 താലൂക്ക്
സപ്ലൈ ഓഫീസുകൾ

14,163
റേഷൻ കടകൾ

K STORE
കെ-സ്റ്റോർ
കേരളത്തിന്റെ സ്വന്തം സ്റ്റോർ




# മുന്നേറുന്ന മലയാളിക്ക് മാറുന്ന റേഷൻകട




കെ-സ്റ്റോർ
K- STORE
പൊതുവിതരണ കേന്ദ്രം




Sabari


CrazyBar



# കെ സ്റ്റോർ

## പ്രവർത്തിപഥത്തിൽ

അരിയും പഞ്ചസാരയും മണ്ണെണ്ണയും ഞെരുങ്ങിയിരിക്കുന്ന പഴയ കുടുസ്സുമുറികൾ ഇനി മലയാളികളുടെ സ്മൃതിപഥത്തിൽ ഗൃഹാതുരത ഉണർത്തുന്ന ഓർമ്മയാകും. പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിച്ച് ആധുനീകവത്കരിച്ച റേഷൻകടകൾ കേരളാ സ്റ്റോർ എന്ന പേരിൽ പ്രവർത്തിപഥത്തിലേക്ക്.

2013 മെയ് 14ന് തൃശ്ശൂരിൽ മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു.



### കെ–സ്റ്റോറിൽ എന്തെല്ലാം?

ചെറുകിട ബാങ്കിംഗ് സേവനങ്ങൾ 10,000 രൂപ വരെ പിൻവലിക്കാൻ കഴിയുന്ന മിനി എ.ടി.എം.

യൂട്ടിലിറ്റി പേമെന്റ്- വിദ്യുച്ഛക്തി, വെള്ളക്കരമുൾപ്പെടെയുള്ളവയുടെ ബില്ലുകൾ അടക്കാം.

പാചകവാതക വിതരണം - ചോട്ടു ഗ്യാസുകൾ വിപണനം ചെയ്യുന്നു.

സപ്ലൈകോ, മിൽമ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ വിപണനം

ചെറുകിട സംരംഭകർക്ക് വിപണനസാധ്യതയും റേഷൻ വ്യാപാരികൾക്ക് അധിക വരുമാനവും

വിദൂര അവികസിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇ-ഭരണ സേവനങ്ങളുടെ പ്രയോജനം സാധ്യമാക്കുന്നു.




# ഒപ്പം പദ്ധതി

റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത കിടപ്പു രോഗികളടക്കമുള്ളവരുടെ കുടുംബങ്ങൾക്ക് ഓട്ടോറിഷാ തൊഴിലാളികളുടെ സഹായത്തോടെ റേഷൻ വീട്ടിലെത്തിച്ചു നൽകുന്നു.

സംസ്ഥാനത്തെ 14 ജില്ലകളിലെ എല്ലാ താലൂക്കുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

> ഓട്ടോറിഷാ തൊഴിലാളികളുടെ
> സഹായത്തോടെ റേഷൻ
> വീട്ടിലെത്തിച്ചു നൽകുന്നു



# സഞ്ചരിക്കുന്ന റേഷൻ കടകൾ

- ആദിവാസി ഊരുകൾ ഉൾപ്പെടെയുള്ള വിദൂര പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുന്ന റേഷൻ കടകൾ എത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.
- സംസ്ഥാനത്തെ 139 ഊരുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മുഴുവൻ ആദിവാസി ഊരുകളിലും ലേബർ സെറ്റിൽമെന്റുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.




സംസ്ഥാനത്തെ 139 ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ



# 3,431,74 മുൻഗണനാ കാർഡുകൾ അർഹരുടെ കരങ്ങളിൽ എത്തിച്ചു







- 1965 മുതൽ സാർവ്വത്രിക റേഷനിംഗ് നിലനിന്ന സംസ്ഥാനമാണ് കേരളം. നാണ്യവിളകളിലൂടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന സംസ്ഥാനത്തിന് ഭക്ഷ്യോത്പാദനത്തിലുണ്ടായ കമ്മി നികത്താനായിരുന്നു ഈ നടപടി.
- കേന്ദ്ര സർക്കാർ കൈക്കൊണ്ട ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി സാർവ്വത്രിക റേഷൻ സമ്പ്രദായം അവസാനിപ്പിച്ച് എപിഎൽ, ബിപിഎൽ വേർതിരിവ് വന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള റേഷൻ സമ്പ്രദായം നടപ്പിലാക്കി.
- 2013 ലെ ഭക്ഷ്യ ഭദ്രതാ നിയമം എഎവൈ (മഞ്ഞ), പിഎച്ച്എച്ച് (പിങ്ക്) വിഭാഗത്തിൽപെട്ട മുൻഗണനാകാർഡുകാർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തി - കേരളത്തിൽ മുൻഗണനാ കാർഡിന് അർഹതയുള്ളവർ 1,54,80,040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്) പേർ മാത്രം. ദരിദ്രരും അവശരുമായ ധാരാളം പേർ പുറത്തായി. അനർഹർ മുൻഗണന കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യണമെന്ന സർക്കാരിന്റെ ആഹ്വാനം ചെവിക്കൊണ്ട് 1,72,312 കാർഡുടമകൾ മുൻഗണനാ കാർഡുകൾ സർക്കാരിലേക്ക് തിരിച്ച് നൽകി. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി വിജയകരമായി നടപ്പിലാക്കിയത്. കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ 3,43,174 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് തരം മാറ്റി നൽകുകയുണ്ടായി.



## ഓപ്പറേഷൻ യെല്ലോ

പത്തുമാസം സമയം അനുവദിച്ചിട്ടും കാർഡ് തിരികെ ഏൽപ്പിക്കാത്ത അനർഹരെ കണ്ടെത്തുന്നതിനായി തുടങ്ങിയ ഓപ്പറേഷൻ യെല്ലോയിൽ 17,736 മുൻഗണന കാർഡുകൾ കണ്ടെത്തുകയുണ്ടായി. കൈവശം വച്ചിരുന്നവരിൽ നിന്നും 4,22,43,277 രൂപ പിഴ ഈടാക്കുകയും ചെയ്തു.




# എല്ലാവർക്കും ഭക്ഷ്യ ഭദ്രത എല്ലാവർക്കും റേഷൻകാർഡ്

- ഈ സർക്കാരിന്റെ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്ത് 3,53,129 പുതിയ റേഷൻകാർഡുകൾ അനുവദിച്ചു.
- ട്രാൻസ്ജന്ററുകൾ, തെരുവിൽ കഴിയുന്ന മനുഷ്യർ, കെട്ടിട ഉടമ വാടകച്ചീട്ടോ രസീതോ നൽകാൻ വിസമ്മതിക്കുന്ന വാടകത്താമസക്കാർ എന്നിവർക്കെല്ലാം ആധാർ കാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ കാർഡുകൾ അനുവദിച്ചു.
- ഭിന്നശേഷിക്കാരായ കുട്ടികൾ താമസിക്കുന്നതുൾപ്പെടെയുള്ള ക്ഷേമ സ്ഥാപനങ്ങൾക്കായി 6560 കാർഡുകൾ വിതരണം ചെയ്തു.



> സംസ്ഥാനത്ത് 3,53,129 പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു.



# അതിദരിദ്രർക്കെല്ലാം മുൻഗണനാ റേഷൻ കാർഡ്

കേരളത്തിലെ അതിദരിദ്രരെ കണ്ടെത്താനും സമുദ്ധരിക്കാനുമുള്ള സംസ്ഥാനസർക്കാരിന്റെ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയ എല്ലാവർക്കും മുൻഗണനാറേഷൻ കാർഡുകൾ നൽകി.



> അനർഹർ മുൻഗണന കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യണമെന്ന സർക്കാരിന്റെ ആഹ്വാനം ചെവിക്കൊണ്ട് 1,72,312 കാർഡുടമകൾ മുൻഗണനാ കാർഡുകൾ സർക്കാരിലേക്ക് തിരിച്ച് നൽകി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം.

# പൊതുവിതരണ സംവിധാനത്തിലൂടെ റാഗിപ്പൊടി വിതരണം

- 'Diversification of Food Basket' എന്ന ലക്ഷ്യത്തോടെ International Millet Year 2023 ൽ റേഷൻ കടകൾ വഴി റാഗി വിതരണം ചെയ്യുന്നു.
- പ്രാരംഭഘട്ടമായി ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ആദിവാസി മേഖലകളിലെ 948 റേഷൻകടകളിലും മറ്റ് പ്രദേശങ്ങളിൽ ഒരു പഞ്ചായത്തിലെ അഞ്ച് റേഷൻകടയിലും റാഗി പ്രോസസ് ചെയ്ത് പൊടിയാക്കി പാക്കറ്റുകളിൽ ലഭ്യമാക്കും.
- പ്രസ്തപത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മെയ് 18 ന് തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായി.

> കേരളമൊട്ടാകെ 6264 റേഷൻ കടകളിൽ ആദ്യ ഘട്ടത്തിൽ റാഗിപൊടി ലഭ്യമാക്കും






# വിശപ്പുരഹിത കേരളം

- നിലവിലുള്ള 52 സുഭിക്ഷാ ഹോട്ടലുകൾക്ക് പുറമെ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പുതിയതായി 5 എണ്ണം കൂടി ആരംഭിച്ചു
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ ഇവയുടെയെല്ലാം സഹായത്തോടെ പ്രവർത്തിക്കുന്നു
- 20 രൂപ നിരക്കിൽ സുഭിക്ഷാ ഹോട്ടലിൽ ഉച്ച ഭക്ഷണം ലഭിക്കുന്നു
- സുഭിക്ഷാ ഹോട്ടലുകൾക്കും തദ്ദേശ സ്വയം ഭരണ വകുപ്പ് നടത്തുന്ന ജനകീയ ഹോട്ടലുകൾക്കും പ്രതിമാസം 600 കിലോ അരി 10 രൂപ 90 പൈസ നിരക്കിൽ പൊതുവിതരണ വകുപ്പ് നൽകി വരുന്നു



20 രൂപ നിരക്കിൽ സുഭിക്ഷാ ഹോട്ടലിൽ ഉച്ച ഭക്ഷണം

# ആധാർ സീഡിംഗ്




- ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തണമെന്നാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്നത്.
- ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻകാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള 3.49 കോടി ഗുണഭോക്താക്കളുടെ ആധാർ, റേഷൻകാർഡ് ഡാറ്റയുമായി കൂട്ടിച്ചേർത്തു.
- ഇന്ത്യയിൽ ആദ്യമായി മുഴുവൻ റേഷൻ കാർഡുകളും ആധാറുമായി ലിങ്ക് ചെയ്ത സംസ്ഥാനമായി കേരളം മാറി.

# ഇ–പോസ് യന്ത്രവും ത്രാസ്സുമായി ബന്ധിപ്പിക്കൽ



- അളവിലും തൂക്കത്തിലും കൃത്യത ഉറപ്പുവരുത്താൻ റേഷൻകടകളിലെ ഇ-പോസ് മെഷീനെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മെയ് 14 ന് തൃശ്ശൂരിൽ വച്ച് മുഖ്യമന്ത്രി നിർവ്വഹിച്ചു.
- ഇ പോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്നതിലൂടെ ത്രാസ്സിലെ തൂക്കം കൃത്യമായാൽ മാത്രമേ ഇ -പോസ് മെഷീനിൽ ബിൽ പ്രിന്റ് ചെയ്യുകയുള്ളൂ. ഇതിലൂടെ ഗുണഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കഴിയുന്നു.

> ഇ–പോസ് മെഷീനെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മെയ് 14 ന് തൃശ്ശൂരിൽ വച്ച് മുഖ്യമന്ത്രി നിർവ്വഹിച്ചു.





# സോഷ്യൽ ഓഡിറ്റ്

- ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന വിധമുള്ള സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന ജില്ലാ - താലൂക്ക് - റേഷൻകടതല വിജിലൻസ് സമിതികൾ പുന:സംഘടിപ്പിച്ചു.
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുവിതരണ സംവിധാനം സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നുണ്ട്.
- ഈ വർഷത്തെ സോഷ്യൽ ഓഡിറ്റിനായി കേരള യൂണിവേഴ്സിറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുവിതരണ സംവിധാനം സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നുണ്ട്.

# ശാസ്ത്രീയമാകുന്ന ഭക്ഷ്യധാന്യ ഗോഡൗണുകൾ








- സംസ്ഥാനത്തെ 83 റേഷനിംഗ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- കോന്നി, കോഴഞ്ചേരി, കൊച്ചി, പീരിമേട്, ഉടുമ്പൻചോല, പയ്യന്നൂർ, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

> അഗ്രിക്കൾച്ചറൽ ഇൻഫ്രാസട്രക്ച്ചറൽ ഫണ്ട് (എഐഎഫ്) ഉപയോഗപ്പെടുത്തി സഹകരണ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു

- അഗ്രിക്കൾച്ചറൽ ഇൻഫ്രാസട്രക്ച്ചറൽ ഫണ്ട് (എഐഎഫ്) ഉപയോഗപ്പെടുത്തി സഹകരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
- കോന്നി, കോഴഞ്ചേരി താലൂക്കുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ശിലാസ്ഥാപനം നടത്തി.

# തെളിമ

- റേഷൻ കാർഡിലെ തെറ്റുകൾ തിരുത്താനുള്ള സൗകര്യം എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ.
- ഈ കാലയളവിൽ റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ, പരാതികൾ നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കുന്നതിനായി എല്ലാ റേഷൻ ഷോപ്പുകളിലും ഡ്രോപ് ബോക്സ് സ്ഥാപിച്ച് പരാതികൾ സ്വീകരിച്ച് പരിഹാരമുണ്ടാക്കുന്നു.

# ഇ–സേവന പാതയിൽ

- സപ്ലൈകോയിൽ ERP (Enterprise Resource Planning) സംവിധാനം മേയ് മാസം പ്രവർത്തനക്ഷമമാകുന്നു.
- സംസ്ഥാനത്തെ എല്ലാ വിൽപന ശാലകളിലും സ്റ്റോക്ക്, പർച്ചേയ്സ്, സെയിൽസ് എന്നിവ സംബന്ധിച്ച തൽസ്ഥിതി ഡാഷ്ബോർഡിൽ ലഭ്യമാക്കി കേന്ദ്രീകൃത നിരീക്ഷണം സാധ്യമാക്കുന്നു.
- റേഷൻ സാധനങ്ങൾ വാതിൽപടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജിപിഎസ് ട്രാക്കിംഗ് സംവിധാനം.
- ഗോഡൗണുകളിൽ കേന്ദ്രീകൃത നിരീക്ഷണം സാധ്യമാക്കും വിധം CCTV ക്യാമറ സംവിധാനം.



> എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച
> പൊതുജനങ്ങളുടെ പരാതികളും
> നിർദ്ദേശങ്ങളും കേട്ട് പരിഹാരം

# ഫോൺ ഇൻ പരിപാടി


- എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും കേട്ട് പരിഹാരം കാണുന്നതിന് മന്ത്രി ജി.ആർ.അനിൽ പൊതുജനങ്ങളുമായി ഫോണിലൂടെ സംവദിക്കുന്നു.
- തൊട്ടടുത്ത മാസത്തെ പരിപാടിക്ക് മുന്നായി ആവലാതികൾ തീർപ്പാക്കി ബന്ധപ്പെട്ടവരെ അറിയിക്കുന്നു.






കേരളത്തിന്റെ
സപ്ലൈകോ
ഭക്ഷ്യ സുരക്ഷ
SUPPLYCO Xpress Mart
വിപണിയിൽ ഇടപെട്ട്
48
വർഷങ്ങൾ
കുറഞ്ഞ വില
കൂടുതൽ വിശ്വാസം
www.supplycokerala.com | /supplycoofficial

# വിലക്കയറ്റത്തിനെതിരെ വിപണി ഇടപെടൽ








# പ്രത്യേക ഉത്സവ ചന്തകൾ

- ഉത്സവകാലങ്ങളിൽ സപ്ലൈകോ സ്പെഷ്യൽ മാർക്കറ്റുകൾ
- ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവ ചന്തകൾ.
- സപ്ലൈകോ വില്പന ശാലകളിലെ സബ്സിഡി നിരക്കിലും കുറഞ്ഞ വിലയിൽ ഉത്സവച്ചന്തകളിൽ അവശ്യസാധനങ്ങൾ നൽകുന്നു.








- സംസ്ഥാനത്ത് പുതിയ 27 റേഷൻകടകൾ ആരംഭിച്ചു.
- പുതിയതും നവീകരിച്ചതുമായ 87 സപ്ലൈകോ വിൽപ്പന ശാലകൾ ആരംഭിച്ചു.
- പുതിയ 2 സപ്ലൈകോ പെട്രോൾ ബങ്കുകൾ.



# വിലകൾ 2016 ലെ നിലയിൽ




| | | | |
|---|---|---|---|
| ചെറുപയർ | 74 രൂപ | പഞ്ചസാര | 22 രൂപ |
| ഉഴുന്ന് ബോൾ | 66 രൂപ | വെളിച്ചെണ്ണ (0.5ലിറ്റർ) | 46 രൂപ |
| വൻകടല | 43 രൂപ | ജയ അരി | 25 രൂപ |
| വൻപയർ | 45 രൂപ | കുറുവ അരി | 25രൂപ |
| തുവര പരിപ്പ് | 65 രൂപ | മട്ട അരി | 24 രൂപ |
| മുളക് | 75 രൂപ | പച്ചരി | 23 രൂപ |
| മല്ലി | 79 രൂപ | | |

- ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പു വാഗ്ദാനം പാലിച്ചുകൊണ്ട് 13 നിത്യോപയോഗ വസ്തുക്കൾ 2016 മേയിലെ വിലയിൽ സപ്ലൈകോ വിൽപന ശാലകളിലൂടെ നിശ്ചിത അളവിൽ നൽകുന്നു.
- വിപണി വിലയും ഈ സൗജന്യ നിരക്കും തമ്മിലുള്ള അന്തരം സർക്കാർ ധനസഹായത്തോടെ പരിഹരിക്കുന്നു.
- ഇത്തരമൊരു സമാശ്വാസം ഇന്ത്യയിൽ കേരളത്തിൽ മാത്രം.







വിപണി വിലയും ഈ സൗജന്യ നിരക്കും തമ്മിലുള്ള അന്തരം സർക്കാർ ധനസഹായത്തോടെ പരിഹരിക്കുന്നു



# കർഷകന്റെ കരം പിടിച്ച്

- നെല്ലുസംഭരണം ഊർജ്ജിതമാക്കി കേരള സർക്കാർ.
- ഒരു കിലോ നെല്ലിന് നൽകുന്ന 28 രൂപ 20 പൈസ രാജ്യത്തെ ഏറ്റവും ഉയർന്ന വില.
- സംഭരിച്ച നെല്ല് സ്വകാര്യ മില്ലുകളിൽ സംസ്കരിച്ച് മട്ട അരി എന്ന പേരിൽ പൊതുവിതരണ ശൃംഖലയിലൂടെ വിതരണം നടത്തുന്നു.
- സംഭരിച്ച നെല്ല് അരിയാക്കി റേഷൻകടകളിൽ എത്തുമ്പോൾ ഒരു കിലോ അരിയ്ക്ക് ഏകദേശം 52 രൂപ സർക്കാരിന് ചെലവ് വരും. ഈ അരിയാണ് മുൻഗണനാ വിഭാഗക്കാർക്ക് സൗജന്യമായും നീല കാർഡിന് 4 രൂപയ്ക്കും വെള്ള കാർഡിന് 10 രൂപ 90 പൈസ നിരക്കിലും നൽകിവരുന്നത്.
- 2020-21 വർഷം 7.65 ലക്ഷം മെട്രിക് ടൺ. 2,52,160 കർഷകർക്ക് 2102 കോടി രൂപ നൽകി.
- 2021-22 വർഷം സംഭരിച്ചത് 7.48 ലക്ഷം മെട്രിക് ടൺ. 2095.5 കോടി രൂപ 254072 കർഷകർക്ക് വിതരണം ചെയ്തു.
- 2022-23 സീസണിൽ ഇതുവരെ സംഭരിച്ചത് 5.31 ലക്ഷം മെട്രിക് ടൺ. 28.03.2023 വരെ 924/ കോടി രൂപ 1,23,603 കർഷകർക്ക് വിതരണം നടത്തി.





2022-23 സീസണിൽ ഇതുവരെ സംഭരിച്ചത് 5.31 ലക്ഷം മെട്രിക് ടൺ. 28.03.2023 വരെ 924/ കോടി രൂപ കർഷകർക്ക് വിതരണം നടത്തി.



# ഉപഭോക്തൃകാര്യം

- ഉപഭോക്തൃ കോടതികളായ കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സർ കമ്മീഷനുകൾ സജീവം, സജ്ജം.
- ഓൺലൈൻ കേസ് ഫയലിംഗ് സംവിധാനമായ ഇ-ദാഖിൽ.
- പൊതുജനോപകാരപ്രസക്തമായ ഉപഭോക്തൃ കോടതി ഉത്തരവുകൾ സോഷ്യൽ മീഡിയയിൽ.
- എല്ലാ കമ്മീഷനുകളിലും മീഡിയേഷൻ സെല്ലുകൾ.
- ഉപഭോക്തൃ ബോധവത്കരണം പാഠ്യപദ്ധതിയിലേയ്ക്ക്.
- ദേശീയ ഉപഭോക്തൃ ദിനമായ ഡിസംബർ 24, അന്താരാഷ്ട്ര ഉപഭോക്തൃദിനമായ മാർച്ച് 15 എന്നിവ വിപുലമായി എല്ലാ വർഷവും ആചരിച്ച് വരുന്നു.







> പൊതുജനോപകാരപ്രസക്തമായ ഉപഭോക്തൃ കോടതി ഉത്തരവുകൾ ഫേസ് ബുക്കിൽ.






# ലീഗൽ മെട്രോളജി

- എറണാകുളം സെൻട്രൽ ലബോറട്ടറിയുടെ ഭാഗമായി നിർമ്മിച്ച തെർമ്മോമീറ്റർ കാലിബ്രേഷൻ ലബോറട്ടറി, ഫ്ലോമീറ്റർ കാലിബ്രേഷൻ ലബോറട്ടറി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു.
- സ്ഫിഗ്മോമാനോമീറ്റർ കാലിബ്രേഷൻ ലബോറട്ടറി, വാട്ടർ മീറ്റർ കാലിബ്രേഷൻ ലബോറട്ടറി എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി.
- കോട്ടയം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കെട്ടിടനിർമ്മാണം നടന്നു വരുന്നു.
- എറണാകുളത്തെ ഗോൾഡ് അസ്സേയിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.






> സ്ഫിഗ്മോമാനോമീറ്റർ കാലിബ്രേഷൻ ലബോറട്ടറി, വാട്ടർ മീറ്റർ കാലിബ്രേഷൻ ലബോറട്ടറി എന്നിവയുടെ നിർമ്മാണം പൂർത്തിയായി.







## ഓപ്പറേഷൻ ക്ഷമത

സംസ്ഥാനത്തെ പെട്രോൾ - ഡീസൽ ബങ്കുകളിൽ അളവുപരമായ കൃത്യത ഉറപ്പുവരുത്താൻ ഓപ്പറേഷൻ ക്ഷമത.





## ഓപ്പറേഷൻ ജാഗ്രത

സംസ്ഥാനത്തെ വ്യാപാരസ്ഥാപനങ്ങളിൽ വില നിലവാര ബോർഡ് പ്രദർശിപ്പിക്കാതിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ല് നൽകാതിരിക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം, നിയമപ്രകാരമുള്ള സാക്ഷ്യപത്രം ഇല്ലാതിരിക്കൽ എന്നിങ്ങനെയുള്ള ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ ജാഗ്രത.









# ഭക്ഷ്യക്കമ്മീഷൻ

കേരളത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിരന്തരം ഇടപെടലുകൾ നടത്തിവരുന്നു. ആദിവാസി മേഖലകളിലും മറ്റ് ദുർബല വിഭാഗ മേഖലകളിലും കമ്മീഷൻ നടത്തുന്ന സന്ദർശനങ്ങളും പരിശോധനകളും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.









# 2023 അന്തർദ്ദേശീയ ചെറുധാന്യ വർഷം



അന്താരാഷ്ട്ര മില്ലറ്റ് (ചെറുധാന്യങ്ങൾ) വർഷമായി 2023 ലോകമെങ്ങും ആചരിക്കുകയാണ്. ഭാവിയുടെ ഭക്ഷണമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ചെറുധാന്യങ്ങൾ പോഷക കാര്യത്തിലും മികച്ചതാണ്. റാഗി, തിന, ബജ്റ, ചോളം, ചാമ, വരക്, കവടപ്പുല്ല്, കൊറേലി തുടങ്ങി വിവിധ തരത്തിലുള്ള ധാന്യങ്ങളുടെ കലവറ മില്ലറ്റുകൾക്കുണ്ട്. കുറഞ്ഞ പരിപാലന ചെലവും പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാൻ കഴിവും ഉള്ള മില്ലറ്റുകൾ ഏത് മണ്ണിലും കൃഷി ചെയ്യുന്നതിന് സാധിക്കും. പുതുതലമുറയെ ആരോഗ്യകരമായ ഭക്ഷണരീതിയിലേക്ക് നയിക്കുന്നതിനും ഭക്ഷ്യഭദ്രത ഒരുക്കുന്നതിനും മില്ലറ്റുകളുടെ കൃഷിയും സംരക്ഷണവും അനിവാര്യമാണ്. കൃഷിക്കാരനും ഉപഭോക്താവിനും പ്രകൃതിയ്ക്കും ഒരുപോലെ പ്രയോജനപ്പെടുന്ന സമീകൃതാഹാരത്തിന്റെ സമ്പന്നമായ ഉറവിടമാണ് മില്ലറ്റുകൾ.

ചെറുധാന്യങ്ങളുടെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം ലക്ഷ്യമാക്കി വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.







COUNTER





FOREST


കേരള സ
പൊതുവിതര



കേരള സംസ്ഥാന
ഉപഭോക്തൃകാര്യ
കോന്നി താലൂക്ക
പദ്ധത
റേഷൻ വിതരണം
ഒരു കൈ സഹായ
ഞങ്ങൾ ഓട്ടോക്ക






TREASURY SAVINGS BANK
50,000/-


മിന്നുന്നതെല്ലാം
പൊന്നല്ല










WAYANAD



ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ്
കേരള സർക്കാർ